# ബാബയുടെ സന്ദേശം

(ഡോ: കെ. ഭാസ്ക്കരൻ നായർ)

ഇന്ത്യയിൽ ഇന്നു് പൊതുക്കാര്യങ്ങളെപ്പററിയുള്ള ചർച്ചകളിൽ ഏററവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന മൂന്നു വാക്കുകളുണ്ടു്: സോഷ്യലിസം, ഡെമോക്രസി, സെക്കുലറിസം. ഇവയുടെ വിവക്ഷിതമെന്തെന്നു് ആരും വ്യാഖ്യാനിക്കാറില്ല. മൂന്നും വിദേശപദങ്ങളാണു് — ഇംഗ്ലീഷിലുള്ളവ. പക്ഷേ ഇംഗ്ലീഷുഭാഷ ഒരുവിധമൊക്കെ മനസ്സിലാകുന്നവർക്കുപോലും ഈ വാക്കുകളുടെ അർത്ഥം നിശ്ചയമില്ലെന്നാണു് കാണുന്നതു്. എന്നാലും ഇവയെ ഈ രാജ്യത്തിന്റെ ഭാവിഭാഗധേയം നിർണ്ണയിക്കുന്ന മന്ത്രശബ്ദങ്ങളായി രാഷ്ട്രീയ നേതാക്കന്മാരും അവരുടെ അനുയായികളും നിരന്തരം ഉപയോഗിച്ചുകൊണ്ടിരിക്കുകയാണു്.

വിദേശപദങ്ങൾ ധാരാളമായി ഭാരതീയ ഭാഷകളിൽ കടന്നുകൂടിയിട്ടുണ്ടു്. മലയാളത്തിന്റെ കാര്യം നോക്കിയാൽ വിദ്യാഭ്യാസ സംബന്ധമായ പ്രാഥമിക പദങ്ങൾ എല്ലാം തന്നെ ഇംഗ്ലീഷിൽനിന്നു് തർജ്ജമചെയ്യാതെ സ്വീകരിച്ചവയാണെന്നു കാണാം. സ്ക്കൂൾ, കോളേജ്, ക്ലാസ്സ്, ഡിവിഷൻ, ബെഞ്ചു്, ഡെസ്ക്ക്, ബോർഡ്, ബുക്ക്, നോട്ടു്, ഹെഡ്മാസ്റ്റർ, ഇൻസ്പെക്ടർ എന്നിങ്ങനെ ആ പട്ടിക നീണ്ടുപോകുന്നു. നൂറു് നൂററൻപതു വർഷത്തെ പരിചയംകൊണ്ടു് ഇവയെല്ലാം മലയാളപദങ്ങളായി രൂപാന്തരപ്പെട്ടിരിക്കുന്നു എന്നു പറയാം. അവയുടെ വിവക്ഷിതവും എല്ലാവർക്കും നിശ്ചയമുണ്ടു്. പക്ഷേ രാഷ്ട്രീയ വ്യവഹാരത്തിലെ മുൻ പറഞ്ഞ പദങ്ങൾക്കു് ഈ സൗഭാഗ്യം ഇനിയും കൈവന്നിട്ടില്ല. അവ സാധനങ്ങളുടെ പേരുകളുമല്ല. ആശയങ്ങളുടേയോ സങ്കൽപങ്ങളുടേയോ സംവിധാനങ്ങളുടേയോ സംജ്ഞകളാണു്. അതുകൊണ്ടു്, എന്താണു് വിവക്ഷിക്കുന്നതെന്നു് കാണിച്ചുകൊടുക്കാനും സാദ്ധ്യമല്ല. ഇന്ത്യയിലെ ജനസംഖ്യയിൽ കഷ്ടിച്ചു് രണ്ടുശതമാനത്തിനു മാത്രമേ ഇംഗ്ലീഷുഭാഷ അൽപസ്വൽപമെങ്കിലും അറിയാവു. ഇങ്ങനെയുള്ള ജനസഞ്ചയത്തെ ഈ വാക്കുകൾ ഉരുവിട്ടു് ഉദ്ധരിക്കുവാനുള്ള യത്നമാണു് കഴിഞ്ഞ 32 വർഷങ്ങളായി ഇവിടെ നടന്നുകൊണ്ടിരിക്കുന്നതു്.

ഈ അടുത്തകാലത്തുണ്ടായ അനുഭവങ്ങൾകൂടി ആയപ്പോൾ ഈ 'പരന്ത്രീസുവിദ്യ'യെല്ലാം തങ്ങളെ വഞ്ചിക്കുവാനുള്ള ഉപായങ്ങളാണെന്നു് മനസ്സിലാക്കി അവയെപ്പററി അങ്ങേയററത്തെ പുച്ഛവും നമ്മുടെ ജനങ്ങൾ പ്രകടിപ്പിച്ചുതുടങ്ങിയിരിക്കുന്നു. സോഷ്യലിസം എന്നു പറഞ്ഞാൽ ധനികന്മാരെ കൂടുതൽ ധനികരും, ദരിദ്രന്മാരെ കൂടുതൽ ദരിദ്രരും ആക്കിത്തീർക്കുന്ന സാമൂഹിക വ്യവസ്ഥിതിയാണെന്നുള്ള ധാരണ പരന്നിട്ടുണ്ടു്. സ്ഥിതിസമത്വം, സമാജവാദം, എന്നൊക്കെ ആദ്യകാലത്തു് ഈ സങ്കൽപത്തിനു് നൽകിയിരുന്ന പേരുകൾ ഇന്നു് ആരും ഉപയോഗിക്കുന്നില്ല. അവ ജനങ്ങളുടെ മനസ്സിൽ നിറവേററുവാൻ കഴിയാത്ത മധുരപ്രതീക്ഷകൾ ജനിപ്പിക്കുമെന്നു് നേതാക്കന്മാർക്കു് ഭയമുള്ളതുപോലെ തോന്നുന്നു. "സോഷ്യലിസ്റ്റു്

സിദ്ധാന്തമോ, അതിന്റെ ആചാര്യന്മാരായ മാർക്സ്, എംഗൽസ്, ലെനിൻ, മുതലായവരോ, സമ്പത്തിന്റേയും ഉപഭോഗവസ്തുക്കളുടേയും വിതരണത്തിൽ സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ തുല്യതയുണ്ടാകും എന്നു പറഞ്ഞിട്ടില്ല", എന്നു് കേരളത്തിലെ പ്രാമാണികനായ ഒരു കമ്യൂണിസ്റ്റ് നേതാവ് എഴുതിയതു് ഓർത്തുപോകുന്നു. ഇതു കേൾക്കുമ്പോൾ, "പിന്നെ എന്തു് കുന്തമാണ് സോഷ്യലിസത്തിലുള്ളതു്?" എന്നു് സാധാരണക്കാരൻ ചോദിക്കുകയാണെങ്കിൽ അതിൽ അതിശയിക്കാനില്ല.

ഡെമോക്രസി എന്നാൽ ജനങ്ങളുടെ വോട്ടു സമ്പാദിച്ച് ഭരണചക്രത്തിലെ മർമ്മസ്ഥാനങ്ങളിൽ കയറിക്കൂടി ധനാധിപത്യം നേടുവാൻ സ്വാർത്ഥമൂർത്തികൾക്കും അർത്ഥലാഭികൾക്കും സൗകര്യം നൽകുന്ന സംവിധാനം എന്ന നിർവചനവും ഇന്നു പരക്കെ കേൾക്കാം. 1979 ജൂലായ് മാസത്തിൽ ന്യൂദൽഹിയിൽ നടന്ന കൂറുമാററങ്ങളും കുതികാൽ വെട്ടുകളും കണ്ടു് നാമെല്ലാം ലജ്ജിച്ചുപോയില്ലേ? എട്ടുലക്ഷവും പത്തുലക്ഷവും രൂപ കൊടുത്താണ് പാർലിമെണ്ടംഗങ്ങളെ പാർട്ടിമാറുവാൻ പ്രേരിപ്പിച്ചതെന്നു് ആ തലസ്ഥാന നഗരിയിൽനിന്നു് വന്നവർ പറയുന്നു. ഇതൊക്കെ കാണുമ്പോൾ ഡെമോക്രസിയുടെ അർത്ഥത്തെക്കുറിച്ചു മാത്രമല്ല ആശാസ്യതയെക്കുറിച്ചും ജനങ്ങൾക്ക് സംശയം തോന്നുന്നതിൽ എന്താണ് അത്ഭുതം? മുട്ടാപ്പോക്കുകാരായ നേതാക്കന്മാർ ഓരോരോ മുദ്രാവാക്യങ്ങളുടെ പേരിൽ അനുയായികളെ സംഘടിപ്പിച്ചു് ആൾബലമുണ്ടാക്കി, അധികാരികളെ ഭീഷണിപ്പെടുത്തി, അവരുടെ നിയന്ത്രണത്തിലിരിക്കുന്ന പൊതുമുതൽ കൂടുതൽ കൂടുതൽ വിട്ടുകൊടുക്കുവാനും; രാജ്യത്തെ അടിക്കടി ക്ഷീണിപ്പിക്കുവാനും നിർബ്ബന്ധിക്കുന്ന സമരതന്ത്രവും ഡെമോക്രസിയുടെ തണലിൽ നിലവിൽ വന്നിട്ടുണ്ടു്. രാജ്യത്തിനകത്തു്, ആയുധമെടുക്കാതെ, മേല്പനോവാതെ, സ്വാർത്ഥലാഭത്തിനുവേണ്ടി ഒരു ന്യൂനപക്ഷം അസംഘടിതമായ ഭൂരിപക്ഷത്തിന്റെ നേക്കു ചെയ്യുന്ന യുദ്ധംതന്നെയാണിതു്.

ഇന്ത്യൻ രാഷ്ട്രീയത്തിലെ മൂന്നാമത്തെ മൂലമന്ത്രമാണ് സെക്കുലറിസം. ഇതിന്റെ അർത്ഥമെന്തെന്നു് ഇന്നുവരെ ഈ രാജ്യത്തു് ആരും വ്യാഖ്യാനിച്ചിട്ടില്ല. മററു രാജ്യങ്ങളിൽ ഇങ്ങനെ ഒരു രാഷ്ട്രീയ സിദ്ധാന്തം ഉള്ളതായും അറിവില്ല. വളരെ അടുത്തകാലത്താണ് ഇന്ത്യയിൽതന്നെയും ഈ സാങ്കേതിക പദത്തിന് ഇത്രവളരെ പ്രചാരം കിട്ടിയതു്. ലക്ഷ്യമോ, ആശയമോ ആയി മാത്രമല്ല, സംഘടനാതന്ത്രമായും പാർട്ടിയുടെ പേരായും മുദ്രാവാക്യമായും അതു് സ്വീകരിക്കപ്പെട്ടിരിക്കുന്നു. മതം ജീവിതത്തിന്റെ നിയാമകശക്തിയായിത്തീരാതെ തടയുകയാണ് ഈ പദ്ധതിയുടെ പരമമായ ലക്ഷ്യമെന്നാണ് പുറമെ പറയുന്നതെങ്കിലും ഈ നിയന്ത്രണവും നിരോധനവുമെല്ലാം ഹിന്ദുക്കൾക്കു മാത്രം ബാധകമാക്കുവാനേ ഉദ്ദേശമുള്ളു എന്നാണ് അനുഭവത്തിൽ കാണുന്നതു്. ഒരുപക്ഷേ, ഇതു് ഇന്ത്യയിലെ ഇന്നത്തെ രാഷ്ട്രീയാന്തരീക്ഷത്തെ നിലനിർത്തുന്നതിനു് ആവശ്യമായിവന്നിരിക്കുകയാണെന്നു് പറയാമെന്നു തോന്നുന്നു. അധർമ്മവും ദുരാഗ്രഹവും സ്വാർത്ഥതയുമാണല്ലോ ഈ പുതിയ രാഷ്ട്രീയ സംസ്കാരത്തിന്റെ ഉപാദാനങ്ങൾ. ഇവ ദോഷകരമാണെന്നും

Digitized by Kerala Sahitya Akademi

ലോകത്തിന് ആപത്താണെന്നുമാണ് എല്ലാ മതങ്ങളും പഠിപ്പിക്കുന്നത്. ഹിന്ദുമതം വിശേഷിച്ചും, അതിൻെറ ദീർഘമായ ചരിത്രത്തിൽ ഇവയെ അങ്ങേയററം അപലപിച്ചിട്ടുണ്ട്. നമ്മുടെ ജനസഞ്ചയത്തിൻെറ അന്തരംഗത്തിൽ, മനഃസാക്ഷിയുടെ അതിമൃദുലമായ ആമന്ത്രണംപോലെ, ഈ ജീവിതപാഠം ഇന്നും അവശേഷിക്കുന്നു. ഈ പൗരാണിക രാജ്യത്തെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും ഹിന്ദുക്കളാകയാൽ, അധമ്മത്തിൽ അധിഷ്ഠിതമായ രാഷ്ട്രമീമാംസയുടെ മുന്നേററത്തിന് ഇതൊരു വലിയ പ്രതിബന്ധമാണ്. പുരോഗതിയുടെ പേരിൽ, ആധുനികതയുടെ പേരിൽ, സനാതനമായ ഈ സാംസ്കാരികമൂല്യത്തെ തുടച്ചുനീക്കുവാനുള്ള ഉപായമാണ് ഈ സെക്കുലറിസം.

പലതരം വൈകല്യങ്ങളും അപഭ്രംശങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും മതഭ്രാന്തിൻേറയോ മതപരിവർത്തനത്തിൻേറയോ കളങ്കമേററിട്ടില്ലാത്ത ഒരു ആദ്ധ്യാത്മിക പാരമ്പര്യമാണ് ഈ രാജ്യത്തു് നിലനിൽക്കുന്നതു്. അതു് സങ്കീർണ്ണമായ ജീവിതത്തിൻെറ ഏതോ ഒരു ചെറിയ അംശത്തെ മാത്രം സ്പർശിക്കുന്നതായി പരിമിതപ്പെടുത്തിയിട്ടുമില്ല. പ്രപഞ്ചയാത്രയുടെ എല്ലാ പരിപാടികളിലും അതിന് അത്യധികമായ പ്രസക്തിയും പ്രാധാന്യവുമുണ്ട്. കൊല്ലും കൊലയുമല്ലാതെ മറെറാന്നും ചിന്തിക്കുവാനില്ലാത്തതെന്ന് കരുതപ്പെടുന്ന ഒരു മഹായുദ്ധത്തിൻെറ അരങ്ങത്തുവെച്ചാണ് ശ്രീകൃഷ്ണഭഗവാൻ ഗീതോപദേശം ചെയ്തതു്. അതു് തൽക്കാലത്തെ ആവശ്യം സാധിക്കുന്നതിനുവേണ്ടി താൻ കണ്ടുപിടിച്ച ഒരു രാഷ്ട്രീയ സിദ്ധാന്തമായിട്ടല്ല പ്രഖ്യാപിച്ചതും. പരമ്പരാപ്രാപ്തവും രാജർഷികം അറിഞ്ഞിരുന്നതും കാലഗതിയിൽ നഷ്ടപ്പെട്ടുപോയതുമായ പുരാതന സനാതന സന്ദേശമായിട്ടാണ്. അതു പറഞ്ഞുകൊടുത്തിട്ട് അവസാനം നിർദ്ദേശിച്ചതെന്താണെന്നും ഓർമ്മിക്കണം:

ഇതി തേ ജ്ഞാനമാഖ്യാതം
ഗുഹ്യാദ് ഗുഹ്യതരം മയാ;
വിമൃശ്യൈതദശേഷേണ
യഥേച്ഛസി തഥാ കുരു.

(ഭഗവദ് ഗീത: 18-63)

(ഇങ്ങനെ രഹസ്യങ്ങളിൽവെച്ച് അതിരഹസ്യമായ ജ്ഞാനത്തെ ഞാൻ നിനക്ക് ഉപദേശിച്ചുതന്നു. അതു മുഴുവനും വിമർശിച്ചുനോക്കി എന്തുചെയ്യണമെന്ന് ആഗ്രഹിക്കുന്നുവോ അങ്ങനെ ചെയ്തുകൊള്ളുക.)

അവിടെപ്പോലും തൻെറ ഉപദേശം അടിച്ചേൽപിക്കുവാൻ—മതപരിവർത്തനം ചെയ്യുവാൻ-ഉള്ള ശ്രമമില്ല. പരിപൂർണ്ണമായ അഭിപ്രായസ്വാതന്ത്ര്യവും വിശ്വാസസ്വാതന്ത്ര്യവും പ്രവർത്തനസ്വാതന്ത്ര്യവും നൽകുകയാണ് ചെയ്തിരിക്കുന്നതു്. തന്നെ, താൻതന്നെ ഉദ്ധരിക്കണമെന്നും, തനിക്ക് ബന്ധുവും ശത്രുവും താൻ മാത്രമാണെന്നും, എല്ലാ മതങ്ങളും ഈശ്വരനിലേക്കുള്ള രാജപാതകളാണെന്നും, സ്വപ്നസന്നിഭവും അന്യഥാ നിഷ്പ്രയോജനവുമായ ഈ ദൈനന്ദിന ജീവിതത്തിനപ്പുറം സച്ചിദാനന്ദസ്വരൂപമായ ഒരു ശാശ്വതസത്തയുണ്ടെന്നും, അതിനെ അനുഭൂതിയിൽ സാക്ഷാൽക്കരിച്ച് ദുഃഖങ്ങളിലും ദോഷങ്ങളിലും

Digitized by Kerala Sahitya Akademi

നിന്നു് മുക്തിനേടണമെന്നും വിശ്വസിക്കു ന്ന ഒരു ജനതയോടു് അധർമ്മത്തിലും അ ന്ധകാരത്തിലും മുഴുകിമറിയുന്നവർ സെ ക്കുലറിസം പ്രസംഗിക്കുന്നതു് ചരിത്രഗ തിയുടെ വൈകൃതമല്ലാതെ മറെറന്താണു്?

അധർമ്മത്തിൻേറയും തജ്ജന്യമായ ആപത്തിൻേറയും ഈ വേലിയേററം ക ണ്ടിട്ടാണു് ഭഗവാൻ സത്യസായി ബാബ തൻെറ ധർമ്മപ്രചാരണയജ്ഞം ആരംഭി ച്ചിരിക്കുന്നതെന്നു് ഞാൻ വിശ്വസിക്കുന്നു. ഭാരതീയ സംസ്കാരത്തിൽ ഉറച്ചുനിന്നുകൊ ണ്ടു് രണ്ടോ മൂന്നോ മുൻ തലമുറകൾ ത്യാഗ വും യാതനയും സഹിച്ചു് നേടിത്തന്ന രാ ഷ്ട്രീയ സ്വാതന്ത്ര്യത്തെ ഭൗതികവാദിക ളും ഹ്രസ്വദൃഷ്ടികളുമായ ഭരണാധികാരി കൾ അധർമ്മം തഴയ്ക്കുന്ന ചുററുപാടുകളിലേ ക്കാണു് നയിക്കുന്നതെന്നു് ത്രികാലജ്ഞ നായ ആ അവതാര പുരുഷൻ ആദ്യമേത ന്നെ മനസ്സിലാക്കിയതായി തോന്നുന്നു. ഈ രാജ്യത്തെ ജനങ്ങളുടെ സുഖജീവിത ത്തിനു് സോഷ്യലിസവും ഡെമോക്രസി യും സെക്കുലറിസവും മാത്രം മതിയെന്നാ ണു് രാഷ്ട്രീയ നേതാക്കന്മാർ വിശ്വസി ച്ചതു്. ഒരു തലമുറക്കാലംകൊണ്ടു് അവ നമ്മെ അടിയന്തരാവസ്ഥയിലും അതുക ഴിഞ്ഞുണ്ടായ ഇപ്പോഴത്തെ തിക്താനുഭവ ങ്ങളിലും എത്തിച്ചു! മനുഷ്യൻെറ ഹൃദയ ത്തിൽ സ്നേഹവും ധർമ്മബോധവും ഉണ്ടാ കാത്ത കാലത്തോളം മററു് ഒന്നുകൊണ്ടും ലോകത്തിനു് മേൽഗതിയുണ്ടാവുകയില്ല. ജനകീയ വ്യവസ്ഥിതിയും സ്ഥിതിസമ ത്വവാദവും യന്ത്രപരിഷ്ക്കാരവും വ്യവ സായയുഗവും പുസ്തകപ്രപഞ്ചവും അണുഭേ ദനവിദ്യയും ഗോളാന്തരയാത്രയും ഹൃദയം മാററിവെക്കുന്ന ശസ്ത്രക്രിയയും എല്ലാം ഉത്ത രക്ഷണത്തിൽ വെറും 'ദീപസ്തംഭം മഹാ ശ്ചര്യം'. മാത്രമായി രൂപാന്തരപ്പെട്ടുപോ കും. ദുഃസ്സഹമായ ഈ പരിവർത്തനം ദി വസംതോറും നാം കണ്ടുകൊണ്ടിരിക്കുക യാണു്. ഇവയെല്ലാം സാമാന്യ ജനങ്ങ ളെ വഞ്ചിക്കുവാൻവേണ്ടി പുത്തൻ പരി ഷ്ക്കാരം കണ്ടുപിടിച്ച കപട വിദ്യകള ല്ലെ എന്ന സംശയം മനസ്സിൽനിന്നു് വിട്ടു മാറാതെ നിൽക്കുകയും ചെയ്യുന്നു.

മനുഷ്യൻെറ അന്തരംഗത്തിൽ സ്നേഹ വും ധർമ്മനിഷ്ഠയും ജനിപ്പിക്കുന്നതിന്നു് ആദ്ധ്യാത്മികാനുഭൂതിയല്ലാതെ മറെറാരു ഉപായവും ഇന്നുവരെ ആരും കണ്ടുപിടി ച്ചിട്ടില്ല. വ്യക്തിയുടെ മുക്തിയും സമൂഹ ത്തിൻെറ അഭ്യുദയവും ഒരുമിച്ചു് കൈവരു ത്തുന്നതിനു് ഉപകരിക്കുന്ന ഈ ശ്രേയോ മാർഗ്ഗം എല്ലാവരും സ്വീകരിക്കണമെന്നാ ണു് ബാബ നിരന്തരം ഉപദേശിക്കുകയും ഉൽബോധിപ്പിക്കുകയും ചെയ്തുകൊണ്ടിരി ക്കുന്നതു്. അദ്ധ്യാത്മസാധനയിൽ പല പ്രസ്ഥാനങ്ങളുണ്ടു്. അതിൽ ഏതു സ്വീ കരിക്കണമെന്നു് അവനവൻതന്നെ നിശ്ച യിക്കണം. നിർഗ്ഗുണബ്രഹ്മത്തെ ധ്യാനി ക്കാം. ഇഷ്ടദേവതയെ ഉപാസിക്കാം. ഏതു മതത്തേയും പിൻതുടരാം. യോഗ വിദ്യകൾ സ്വീകരിക്കാം. അടിയുറച്ച ഭക്തിയോടെ ചെയ്യുന്ന നാമസ്മരണവും ധാരാളം മതിയാകും. ഏതായാലും, വ്യാ മോഹങ്ങളും വ്യാകുലതകളും നിറഞ്ഞ ലൗ കിക ജീവിതത്തിൻെറ അടിയിലുള്ളതും നാശമില്ലാത്തതും ആനന്ദമയവുമായ ആ ചൈതന്യത്തെ അനുഭവിച്ചറിയണം. അ തുകൊണ്ടു മാത്രമേ ഈ ലോകത്തിൽ സുഖ വും ശാന്തിയും ഉണ്ടാവുകയുള്ളൂ; വ്യക്തിജീ വിതം ധന്യമാവുകയുള്ളൂ. ഇതാണു് ബാബയുടെ സന്ദേശം.

Digitized by Kerala Sahitya Akademi